**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 36** **08-06-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ. ജെ. മാക്സി | | **Shri. P. Rajeeve**<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചിൻ റിഫൈനറി ഉൾപ്പെടെ രാജ്യത്തെ തന്ത്രപ്രധാനവും അല്ലാത്തതുമായ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും സ്വകാര്യവൽക്കരിക്കാനുള്ള നടപടിയുമായി കേന്ദ്ര സർക്കാർ മുന്നോട്ടു പോകുമ്പോൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നിലപാട് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണ നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുമ്പോൾ, സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള ബദൽ നയ സമീപനമാണ് സ്വീകരിച്ചു വരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ സംരക്ഷിച്ച് നിർത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് നടത്തിയ പ്രാഥമിക അവലോകന യോഗത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടേയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പദ്ധതികൾ മേഖല തിരിച്ച് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓരോ സ്ഥാപനങ്ങളുടേയും പ്രവർത്തന അവലോകന സംവിധാനം കൂടുതൽ ശക്തിപ്പെടുത്തും. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സ്ഥാപന മേധാവികളുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. പൊതുമേഖലയെ സംരക്ഷിക്കുന്ന സംസ്ഥാന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കാസർഗോഡ് |

| | | | |
|---|---|---|---|
| | | | ആസ്ഥാനമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ കേന്ദ്ര പൊതുമേഖലാസ്ഥാപനമായ എച്ച്.എൻ.എൽ നെ ഏറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഏറ്റെടുപ്പ് പൂർത്തിയായതിനു ശേഷം കിൻഫ്ര സമർപ്പിച്ച റെസൊല്യൂഷൻ പ്ലാൻ പ്രകാരം പ്രത്യേക സ്പെഷ്യൽ ഓഫീസറുടെ മേൽനോട്ടത്തിൽ കമ്പനി പ്രവർത്തിപ്പിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും തീരുമാനിക്കുന്നതാണ്. കൂടാതെ ഓരോ പൊതുമേഖലാ സ്ഥാപനങ്ങളിലേയും മാനേജിംഗ് ഡയറക്ടർമാരുടെ പ്രവർത്തന മികവ് വിലയിരുത്തുവാനും മാനേജിംഗ് ഡയറക്ടർമാരുടെ ഒഴിവുള്ള സ്ഥാപനങ്ങളിൽ പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് വഴി നികത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനുള്ള കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തനം വലിയതോതിൽ വിജയം കണ്ട സ്ഥിതിക്ക് ആ ദിശയിൽ കൂടുതൽ നടപടികൾ ഉണ്ടാകുമോ; | (ബി) | സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണ നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുമ്പോൾ, സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള ബദൽ നയ സമീപനമാണ് സ്വീകരിച്ചു വരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ സംരക്ഷിച്ച് നിർത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് നടത്തിയ പ്രാഥമിക അവലോകന യോഗത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടേയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പദ്ധതികൾ മേഖല തിരിച്ച് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓരോ സ്ഥാപനങ്ങളുടേയും പ്രവർത്തന അവലോകന സംവിധാനം കൂടുതൽ ശക്തിപ്പെടുത്തും. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സ്ഥാപന മേധാവികളുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. പൊതുമേഖലയെ സംരക്ഷിക്കുന്ന സംസ്ഥാന സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കാസർഗോഡ് ആസ്ഥാനമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ കേന്ദ്ര പൊതുമേഖലാസ്ഥാപനമായ എച്ച്.എൻ.എൽ നെ ഏറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഏറ്റെടുപ്പ് പൂർത്തിയായതിനു ശേഷം കിൻഫ്ര സമർപ്പിച്ച റെസൊല്യൂഷൻ പ്ലാൻ പ്രകാരം പ്രത്യേക സ്പെഷ്യൽ ഓഫീസറുടെ മേൽനോട്ടത്തിൽ കമ്പനി പ്രവർത്തിപ്പിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും തീരുമാനിക്കുന്നതാണ്. കൂടാതെ ഓരോ പൊതുമേഖലാ സ്ഥാപനങ്ങളിലേയും മാനേജിംഗ് ഡയറക്ടർമാരുടെ പ്രവർത്തന മികവ് വിലയിരുത്തുവാനും മാനേജിംഗ് ഡയറക്ടർമാരുടെ ഒഴിവുള്ള സ്ഥാപനങ്ങളിൽ പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് വഴി നികത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി വിലയിരുത്തിയിരുന്നോ; വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരുമായി ഒരു ഓൺലൈൻ യോഗം വിളിച്ച് ചേർക്കുകയും കമ്പനികളുടെ പ്രവർത്തന മേഖലയേയും, മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും അവലോകനം നടത്തുകയുണ്ടായി. വ്യവസായ മേഖലയിൽ കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി പൊതുമേഖലയേയും കാര്യമായി ബാധിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഫലമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ പദ്ധതികളോടൊപ്പം വാർഷിക പെർഫോമൻസ് ടാർജറ്റ് ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കോർ ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഗവേഷണ മേഖല ശക്തിപ്പെടുത്തുവാനും വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർവ്വകലാശാലകളുമായും |

| | | | |
|---|---|---|---|
| | | | ഗവേഷണ പ്രവർത്തനങ്ങളിൽ സഹകരിക്കാനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ